പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 661 | 12-06-2013 - ൽ മറുപടിയ്ക്ക്

## ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകാമോ;<br>(ബി) രക്തശേഖരണം, വിതരണം എന്നിവ സംബന്ധിച്ച നടപടിക്രമം വിശദമാക്കുമോ; | (എ)& ബി കേരളത്തിൽ നിലവിൽ 33 രക്തബാങ്കുകളും 45 സ്റ്റോറേജ് സെന്ററുകളും പ്രവർത്തിക്കുന്നു. എല്ലാ രക്തബാങ്കുകളും അതാത് രക്തബാങ്കിൽ വച്ചോ രക്തദാന ക്യാമ്പുകളിൽ വച്ചോ ദാതാക്കളിൽ നിന്നും രക്തം സ്വീകരിക്കുകയും നിയമപരമായി എല്ലാ പരിശോധനകൾക്കും വിധേയമാക്കി ഉപയോഗയോഗ്യമായ രക്തം ശീതീകരണികളിൽ സൂക്ഷിച്ചുവെയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സൂക്ഷിച്ചിരിക്കുന്ന രക്തം ആവശ്യക്കാരായ രോഗികളുടെ രക്തവുമായി ചേരുന്നതാണോയെന്ന് പരിശോധിച്ച് ഒരു മെഡിക്കൽ ഓഫീസറുടെ അപേക്ഷ പ്രകാരം രോഗിയ്ക്ക് നൽകുന്നതാണ്. |
| (സി) നിർദ്ധനരായ രോഗികൾക്ക് രക്തം സൗജന്യമായി നൽകാറുണ്ടോ; | (സി) എല്ലാ സർക്കാർ രക്തബാങ്കുകളിൽ നിന്നും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്കും താലസീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ രോഗികൾക്കും പ്രസവ സംബന്ധമായി രക്തം ആവശ്യമായി വരുന്നവർക്കും രക്തം സൗജന്യമായി നൽകുന്നുണ്ട്. |
| (ഡി) രക്തബാങ്കിൽ സൗജന്യമായി രക്തം ലഭിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; അതിന്റെ പരിശുദ്ധി സംബന്ധിച്ച് പരിശോധനാസംവിധാനം എന്താണെന്ന് വിശദമാക്കുമോ? | (ഡി)രക്തബാങ്കുകളിൽ രക്തദാതാക്കളിൽ നിന്നും സൗജന്യമായാണ് രക്തം ലഭിക്കുന്നത്.പ്രതിഫലത്തിനുവേണ്ടി രക്തം ദാനം ചെയ്യുന്നത് നിയമപരമായി നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് നിഷ്കർഷിക്കുന്ന എല്ലാ ടെസ്റ്റുകളും നടത്തി ഉപയോഗ യോഗ്യമെന്ന് കണ്ടെത്തിയ രക്തമേ രോഗിക്ക് നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ